<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2319</u> <u>06-07-2022 - ൽ മറുപടിയ്ക്ക്</u>

<u>ബിവറേജ് ഔട്ട് ലെറ്റുകൾ പരിഷ്കരിക്കുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ബിവറേജ് ഔട്ട് ലെറ്റുകളിൽ മദ്യം വാങ്ങാൻ വെയിലത്തും മഴയത്തും ഒരു സുരക്ഷിതത്വവും ഇല്ലാതെ ഉപഭോക്താവ് ക്യൂ നിൽക്കുന്ന അവസ്ഥ പരിഷ്കൃത സമൂഹത്തിന് യോജിക്കുന്ന തരത്തിലാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഈ വിഷയത്തിൽ അഭിപ്രായം വ്യക്തമാക്കാമോ; | (എ) | ബിവറേജസ് ഔട്ട് ലെറ്റുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. നിലവിൽ കോർപ്പറേഷന് കീഴിൽ പ്രവർത്തിച്ചുവരുന്ന270 എഫ്.എൽ-1 ഷോപ്പുകളിൽ 7 ഷോപ്പുകളിൽ പൂർണ്ണമായും 99 ഷോപ്പുകളിൽ ഭാഗികമായും വാക്ക്-ഇൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതാണ്. ബാക്കിയുള്ള ഷോപ്പുകൾ വാക്ക്-ഇൻ സമ്പ്രദായത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരികയാണ്. ബിവറേജസ് ഔട്ട് ലെറ്റുകളിലെ ക്യൂ സമ്പ്രദായം പൂർണമായും അവസാനിപ്പിക്കുകയാണ് ലക്ഷ്യം. |
| (ബി) | അപകടമുണ്ടാകുന്ന തരത്തിൽ ഒരാൾക്ക് നിന്നുതിരിയാൻ പോലും സൗകര്യമില്ലാത്ത വിധത്തിൽ കമ്പി അഴിയിട്ട ടിൻ ഷീറ്റ് കൊണ്ട് മറച്ച ഇടനാഴികൾ ബീവറേജ് ഷോപ്പിന്റെ മുമ്പിലുള്ളത് മനുഷ്യരുടെ സുരക്ഷയ്ക്ക് യോജിച്ച വിധത്തിലാണോ; ഇത് പണിതിരിക്കുന്നത് നഗര കെട്ടിടനിർമ്മാണ ചട്ടപ്രകാരമാണോ; വ്യക്തമാക്കാമോ; | (ബി) | നിലവിൽ കമ്പി അഴിയിട്ട ടിൻ ഷീറ്റുകൊണ്ടു മറച്ച ഇടനാഴികളുള്ള ഔട്ട് ലെറ്റുകൾ വാക്ക്-ഇൻ സൗകര്യത്തിലേയ്ക്ക് മാറ്റുമ്പോൾ പൂർണ്ണമായും ഒഴിവാകുന്നതാണ്. നിലവിൽ വാക്ക്-ഇൻ സൗകര്യം ഇല്ലാത്ത ഔട്ട് ലെറ്റുകൾ പൂർണ്ണമായും വാക്ക്-ഇൻ സൗകര്യത്തിലേയ്ക്ക് മാറ്റുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിച്ചുവരികയാണ്. കെട്ടിട നിർമാണ ചട്ടം പാലിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതാണ്. |
| (സി) | ഇത്തരം നിർമ്മാണങ്ങൾ നടത്തിയിരിക്കുന്നത് സംസ്ഥാനത്തെ ഏത് നിർമ്മാണ ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | (സി) | ഉപഭോക്താക്കളുടെ തിക്കും തിരക്കും ഒഴിവാക്കുന്നതിനായി ഒരു താത്കാലിക സംവിധാനം എന്ന നിലയിൽ മാത്രമാണ് ഇത്തരം നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളത്. |
| (ഡി) | ദേശീയ, അന്തർദേശീയ ടൂറിസ്റ്റുകൾക്കും സംസ്ഥാനത്തിലൂടെ കടന്ന് പോകുന്ന മുഴുവൻ പേർക്കും നാണക്കേട് ഉണ്ടാക്കുന്ന തരത്തിലുള്ള അപരിഷ്കൃത സമ്പ്രദായം അവസാനിപ്പിച്ച് സംസ്ഥാനത്തിന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്ന തരത്തിൽ ബിവറേജ് ഔട്ട് ലെറ്റുകളുടെ മുഖം | (ഡി) | കോർപ്പറേഷന് നിലവിലുള്ള 270 ഔട്ട് ലെറ്റുകളിൽ 106 എണ്ണം (7 എണ്ണം പൂർണ്ണമായും 99 എണ്ണം ഭാഗികമായും) വാക്ക്-ഇൻ സൗകര്യം നിലവിലുള്ളതും ശേഷിക്കുന്ന ഷോപ്പുകളിൽ വാക്ക്-ഇൻ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരികയുമാണ്. ഇപ്രകാരം മുഴുവൻ ഔട്ട് ലെറ്റുകളിലും |

| | | | |
|---|---|---|---|
| | മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | | വാക്ക്-ഇൻ സൗകര്യം ഏർപ്പെടുത്തുന്നതോടെ നിലവിലുള്ള അവസ്ഥയ്ക്ക് മാറ്റം വരുന്നതാണ്. |
| (ഇ) | സംസ്ഥാന സർക്കാർ നിയമപ്രകാരം വിതരണം ചെയ്യുന്ന ഉല്പന്നം വാങ്ങാൻ പരിഷ്കൃത സമൂഹത്തിന് ഒട്ടും തന്നെ യോജിക്കാത്തതും അപകടകരമായി നിർമ്മിച്ചിരിക്കുന്നതുമായ രീതികൾ മാറ്റി ആധുനിക സൗകര്യത്തോടെ മദ്യം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | ബിവറേജസ് ഔട്ട് ലെറ്റുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. വാക്ക്-ഇൻ സൗകര്യം നിലവിലില്ലാത്ത ഷോപ്പുകൾ കൂടി വാക്ക്-ഇൻ സൗകര്യത്തിലേയ്ക്ക് മാറ്റുന്നതോട് കൂടി ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ